വരുന്നുണ്ട്. അതു പരിശോധിക്കണം. ഫിഷറീസ് റോഡിന്റെ പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷം തന്നെ ഏറ്റെടുത്തു നടത്തുമോ എന്നുള്ളതുകൂടി വ്യക്തമാക്കണം.

ശ്രീമതി എം. ടി. പത്മ: റോഡിന്റെ പ്രവർത്തനം ഏപ്രിൽ മാസം മുതൽ തുടങ്ങാനേ സാധിക്കുകയുള്ളൂ. ഈ മാസം അവസാനത്തോടുകൂടി അഞ്ചുമാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(2) സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീമതി ശോഭനാ ജോർജ്ജ്: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവകലാശാലക്ക് രൂപം നൽകണമെന്ന ആവശ്യത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വൈദ്യശാസ്ത്രരംഗം പ്രധാനമായും അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ ശാഖകളായിതരം തിരിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റവും അവസാനം ആരംഭിച്ച കണ്ണൂർ മെഡിക്കൽ കോളേജും, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളുമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ആയുർവേദ കോളേജ് (5), ഹോമിയോ കോളേജ് (2), ദന്തൽ കോളേജ്, ഫാർമസി കോളേജ്, മെഡിക്കൽ ലബോറട്ടറി കോഴ്സുകൾ, പ്രകൃതി ചികിൽസാ പഠനം തുടങ്ങി വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ധാരാളം കോളേജുകളും ഇൻസ്റ്റിറ്റ്യൂഷനുകളും നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ കോളേജുകളും, ഇൻസ്റ്റിറ്റ്യൂഷനുകളുമെല്ലാം തന്നെ വിവിധ സർവകലാശാലകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലെ അക്കാഡമിക് സംവിധാനങ്ങളെല്ലാം വിവിധ നിലകളിലും, തലങ്ങളിലുമാണ്. സിലബസുകൾ, പരീക്ഷാ നടത്തിപ്പുകൾ, പ്രവേശനം എന്നിവയിലൊന്നും യൂണിഫോമിറ്റിയില്ല. ഉദാഹരണത്തിന് നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവേശനം ഒരേ സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ് നടത്തുന്നതെങ്കിലും പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയവ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലാണ് നടക്കുന്നത്. വിവിധ യൂണിവേഴ്സിറ്റികളിലെ പരീക്ഷാ നടത്തിപ്പിനും, ഫലപ്രഖ്യാപനത്തിനും ഒരു ഏകീകൃത സ്വഭാവമില്ല എന്നുമാത്രമല്ല; പരീക്ഷാ നടത്തിപ്പിനെയും, ഫലപ്രഖ്യാപനത്തെയും സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളും നിലവിലുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ ഗൗരവമായി കാണേണ്ടതാണ്. ഒരേ സമയത്ത് പ്രവേശനം ലഭിച്ച മെഡിക്കൽ വിദ്യാർത്ഥികൾ ബിരുദം സമ്പാദിക്കുന്നത് പല സമയങ്ങളിലാകുന്നതുമൂലം തുടർവിദ്യാഭ്യാസത്തിന് അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. സിലബസ്, പരീക്ഷാ സമ്പ്രദായം എന്നിവയിലുള്ള വ്യത്യാസംകൊണ്ട് പാസ്സായിവരുന്ന കുട്ടികളുടെ റാങ്ക് നിർണ്ണയം, തുടർന്നുള്ള നിയമനങ്ങൾ ഇവയിലെല്ലാംതന്നെ അനവധി പ്രശ്നങ്ങൾ വിദ്യാർത്ഥികൾ നേരിടുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ രാജ്യത്തിന് എന്നും മാതൃക കാട്ടിക്കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. ആന്ധ്രാ പ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലായി ആറു മെഡിക്കൽ യൂണിവേഴ്സിറ്റികളും നിലവിൽ വന്നപ്പോൾ കേരളം മാത്രമാണ് അപവാദമായി നിൽക്കുന്നത്. തമിഴ്നാട് യൂണിവേഴ്സിറ്റി ഒരു മെഡിക്കൽ കോളേജ് ഏറെടുത്ത് ഗവേഷണത്തിനു പ്രാധാന്യം നൽകി പ്രവർത്തിക്കുന്നു. നമ്മളും ഇത്തരമൊരു മെഡിക്കൽ കോളേജ് രൂപീകരിച്ച് ഗവേഷണത്തിനു ഊന്നൽ കൊടുത്താൽ അന്താരാഷ്ട്ര ഏജൻസികളിൽനിന്നും ധനസഹായം ലഭ്യമാകുമെന്നുള്ളത് ശ്രദ്ധേയമായൊരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ വൈദ്യരംഗത്തെ ഉന്നതരായ വ്യക്തികളും കേന്ദ്രസർക്കാരും പത്രമാധ്യമങ്ങളുമൊക്കെയുണ്ടെങ്കിലും ആശയം യാഥാർത്ഥ്യമാകാതെ നിൽക്കുകയാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് പുതുതായി മെഡിക്കൽ സർവകലാശാല രൂപീകരിക്കുമ്പോൾ ആരോഗ്യവിദ്യാഭ്യാസരംഗത്തെ വിദഗ്ദ്ധൻമാർ ഉൾപ്പെടുന്ന ഒരു ഫാക്കൽറ്റി രൂപീകരിക്കണം. ഒരു യൂണിവേഴ്സിറ്റി എന്ന നിലയിൽ സർവകലാശാലകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. സെനറ്റും, സിൻഡിക്കേറ്റും രൂപീകരിക്കാതെ ഉന്നതമായ നിലവാരം മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു യൂണിവേഴ്സിറ്റി ആയിരിക്കണം പ്രവർത്തിക്കേണ്ടത്. വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് പ്രാമുഖ്യം നൽകുകയും, ആധുനിക ചികിൽസാ സമ്പ്രദായങ്ങളെക്കുറിച്ച് ഈ രംഗത്തുള്ള ഡോക്ടർമാർക്കും, വൈദ്യൻമാർക്കും, നേഴ്സുമാർക്കും പരിശീലനം നൽകുകയും വേണം. ഒരുവർഷം ഏകദേശം പന്തീരായിരത്തോളം വിദ്യാർത്ഥികൾ വിവിധ മെഡിക്കൽ യൂണിവേഴ്സിറ്റികളുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇവരെ ഒരു കുടയുടെ കീഴിൽ കൊണ്ടുവരണം. മെഡിക്കൽ സർവകലാശാല എന്ന ആശയം സഫലീകരിക്കുന്നതിനുവേണ്ടി സാമ്പത്തിക ബുദ്ധിമുട്ടുണ്ട്, സാമ്പത്തിക ബുദ്ധിമുട്ട് നിലനിൽക്കുമ്പോൾതന്നെ മെഡിക്കൽ സർവ്വകലാശാല രൂപീകരിച്ചാൽ യു.ജി.സി., ഐ.സി.എം.ആർ., വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ, യുനസ്കോ തുടങ്ങിയ ഇൻറർനാഷണൽ ഏജൻസികളിൽ നിന്നും നമുക്ക് സഹായം കിട്ടും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ സർവകലാശാല, സാംസ്ക്കാരിക സർവകലാശാല തുടങ്ങിയവ രൂപീകരിച്ചപ്പോഴും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തോട് അവഗണന കാട്ടുകയാണ്. ആരാധ്യനായ മന്ത്രി ശ്രീ. വി. എം. സുധീരൻ ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ മുൻകൈ എടുക്കണം. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് വന്നിരിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി എം. സുധീരൻ): സർ, കേരളത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായൊരു നല്ല കേസ് ബഹുമാന്യയായ ശ്രീമതി ശോഭനാ ജോർജ്ജ് അവതരിപ്പിച്ചു കഴിഞ്ഞു. വളരെ ശക്തമായി, ഭാവനാ സമ്പന്നമായ രീതിയിൽ പറഞ്ഞുകഴിഞ്ഞതുകൊണ്ട്, അതിന്റെ ആവശ്യകതയെ സംബന്ധിച്ച് കൂടുതലായി എന്തെങ്കിലും പറയണമെന്ന് തോന്നുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് അലോപ്പതി, ആയുർവേദം, ഹോമിയോ, നാച്ചുറോപ്പതി തുടങ്ങിയ എല്ലാ തലത്തിലുംപെട്ട ഗുണകരമായ മാറ്റങ്ങൾക്കുവേണ്ടി ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തിവരികയാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ടീച്ചിംഗ്,

LIBRARY ARCHIVES Kerala Legislative Assembly

ട്രീററുമെൻറ് എന്നീ കാര്യങ്ങളിൽ അധിക സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. 572-ഓളം തസ്തികകളും ഐ.എം.സി. പാറേറൺ അനുസരിച്ച് ഈ ഒരു വർഷത്തിനുള്ളിൽതന്നെ സൃഷ്ടിച്ചു കഴിഞ്ഞു. 11 കോടിയോളം രൂപ വിലവരുന്ന, രോഗ ചികിൽസക്കും, പഠനത്തിനുമാവശ്യമായിട്ടുള്ള ഉപകരണങ്ങളും വാങ്ങുന്നതിനുള്ള അനുവാദവും നൽകിക്കഴിഞ്ഞു. ബഹുമാന്യയായ ശ്രീമതി ശോഭനാ ജോർജ്ജ് പറഞ്ഞതുപോലെ മെഡിക്കൽ കോളേജുകളിൽ പ്രവൃത്തി എടുക്കുന്ന ആളുകളുടെ ഗവേഷണ താൽപ്പര്യത്തെ പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുകഴിഞ്ഞു. മെഡിക്കൽ കോളേജിലെ ടീച്ചേഴ്സിനും ടൈം ബൗണ്ടഡ് പ്രൊമോഷനുള്ള നടപടികളും പൂർത്തിയായി വരുന്നുണ്ട്, കൂടാതെ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന സെമിനാറുകളിൽ പങ്കെടുക്കുന്നതിന് ഒരു കേഡറിൽ ഒരിക്കൽ വിദേശത്ത് പോകാനുള്ള മുഴുവൻ ചെലവും ഗവൺമെൻറ് വഹിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു കഴിഞ്ഞു. അതുപോലെതന്നെ രണ്ടുവർഷത്തിലൊരിക്കൽ ദേശീയതലത്തിൽ സെമിനാറുകളിൽ പങ്കെടുക്കാനുള്ള പ്രബന്ധം തയ്യാറാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളും നൽകുന്നതിനുള്ള ചെലവ് വഹിക്കുന്ന നടപടി സ്വീകരിച്ചു കഴിഞ്ഞു. ആ രംഗത്തെ എല്ലാ തലത്തിലുള്ള ജീവനക്കാരുടേയും പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ആയുർവ്വേദ വിദ്യാഭ്യാസ രംഗത്ത് വർഷങ്ങളായി നിലനിൽക്കുന്ന ഒരു അനോമലിയുണ്ട്. അതിൻെറ സത്യസന്ധമായ വിവരം ആളുകളും അറിയുമ്പോൾ ഒരുപക്ഷേ അത് ഭൂതപ്പെട്ടുപോകും. ആയുർവേദ വിദ്യാഭ്യാസ രംഗത്ത് പ്രസവസംബന്ധമായ കാര്യങ്ങളും പഠിപ്പിക്കാൻ നിയുക്തനായ ആളും പഠിപ്പിക്കുന്നത് ദന്തചികിൽസയെ സംബന്ധിച്ചായിരിക്കും. ദന്തചികിൽസയെ സംബന്ധിച്ച് പഠിപ്പിക്കാൻ നിയുക്തനാകുന്ന ആളും ചിലപ്പോൾ വിഷ ചികിൽസയെക്കുറിച്ചായിരിക്കും പഠിപ്പിക്കുന്നത്. കൃത്യമായിട്ടുള്ള ഒരു ഡിപ്പാർട്ട്മെൻറൽ സിസ്റ്റം ഇല്ലാത്തതിൻെറ പേരിൽ ഈ അനോമലി വർഷങ്ങളായി നിലനിൽക്കുകയാണ്. അതുകൊണ്ട് ആയുർവേദ വിദ്യാഭ്യാസ രംഗത്ത് ഗുണകരമായ മാറ്റത്തിന് അനുപേക്ഷണീയമായ ഡിപ്പാർട്ട്മെൻറൽ സിസ്റ്റം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളും ഗവൺമെൻറ് സജീവമായി സ്വീകരിച്ചുവരികയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതുസംബന്ധിച്ച തീരുമാനം എടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കണ്ണൂർ ആയുർവേദ കോളേജിനെ സംബന്ധിച്ചിടത്തോളം എനിക്ക് അഭിമാനവും സന്തോഷവുമുണ്ട്. പ്രശ്നങ്ങളുടെ നടുവിൽപ്പെട്ട് നട്ടം തിരിയുന്ന കണ്ണൂർ ആയുർവേദ കോളേജിൻെറ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു എന്നുള്ളതും എടുത്ത് പറയത്തക്ക നേട്ടമാണ്. അവിടത്തെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. അതുപോലെതന്നെ ഹോമിയോ കമ്മീഷൻ അതിൻെറ ഇടക്കാല റിപ്പോർട്ട് തന്നുകഴിഞ്ഞു. അത് പരിശോധിച്ചിട്ട് ഹോമിയോ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളും പോരായ്മകളും പരിഹരിച്ചുകൊണ്ട് മുന്നോട്ട് പോകുന്നതാണ്. കുറിച്ചി ഹോമിയോ കോളേജിൽ ഡയറക്ടർ പോസ്റ്റ് പ്രഖ്യാപിച്ചു എങ്കിലും പത്തുവർഷക്കാലമായി നടപ്പിലാക്കാതിരുന്നത് ഈ ഗവൺമെൻറിനാണ് നടപ്പിലാക്കാൻ കഴിഞ്ഞു. അതുപോലെതന്നെ നാച്ചുറോപ്പതിക്ക് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നാച്ചുറോപ്പതി കമ്മീഷൻ അതിന്റെ റിപ്പോർട്ടും തന്നുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽത്തന്നെ നാച്ചുറോപ്പതി ആരംഭിക്കാനുള്ള ശ്രമം നടത്തുകയാണ്. നാച്ചുറോപ്പതി രംഗത്ത് ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾകൂടി ആരംഭിക്കുന്ന കാര്യവും ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ രംഗത്തെ സമസ്ത മേഖലകളിലെയും വിദ്യാഭ്യാസ രംഗത്ത് കാര്യമായ ശ്രമങ്ങൾ നടക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഈ വക പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും അവിടെയുള്ള പഠനം, ഗവേഷണം തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും കൂടുതൽ ആധുനികമായ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ഏകോപിതമായ രീതിയിൽ പരിശീക്ഷകൾ നടത്തുന്നതിനും മറ്റുമുള്ള സംവിധാനങ്ങളുണ്ടാകണം. കേവലം ഒരു യൂണിവേഴ്സിറ്റിക്കുവേണ്ടി യൂണിവേഴ്സിറ്റി എന്നുപറയുന്നതിൽ അർത്ഥമില്ല. മെഡിക്കൽകോളേജ് യൂണിവേഴ്സിറ്റി വരുന്നതിന്റെ ഫലമായി ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കണം. അവിടത്തെ പഠനം, ഗവേഷണം, ചികിൽസ എന്നിവയ്ക്കൊക്കെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഈ വക കാര്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. മെഡിക്കൽ കോളേജ് സ്ഥാപിക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള കാര്യമാണ്. അതുകൊണ്ടാണ് ഹെൽത്ത് സെക്രട്ടറി ശ്രീ. ഗോപാൽകൃഷ്ണപിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരിക്കുന്നത്. ഇന്ന് മെഡിക്കൽ യൂണിവേഴ്സിറ്റികളുള്ളത് തമിഴ്നാട്, ഹൈദ്രാബാദ്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ്. അതെല്ലാം പരിശോധിച്ചുകൊണ്ട് കേരളത്തിലെ വ്യത്യസ്തമായ വൈദ്യ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വളരെ ഫലപ്രദമായി ഇൻറഗ്രേറ്റ് ചെയ്ത് മുന്നോട്ട് കൊണ്ടുപോകാനും സമസ്ത മേഖലകളിലെയും വികസനം സാധിക്കുന്ന രീതിയിൽ എടുത്തുപറയത്തക്ക വിധത്തിലുള്ള അഭിമാനകരമായ ഒരു സ്ഥാപനമാക്കി എടുക്കുന്നതിനുമാണ് ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. അതുകൊണ്ട് 'ഒരു കോമ്പിഹെൻസീവ് റിപ്പോർട്ട് ആവശ്യമാണ്, ആ റിപ്പോർട്ട് അടുത്തുതന്നെ ഗവൺമെന്റിനു കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടി അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിച്ച് കേരളത്തിൽ ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. റിപ്പോർട്ട് കിട്ടികഴിഞ്ഞ് അധികം താമസിയാതെ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

ശ്രീമതി ശോഭനാ ജോർജ്ജ്: അങ്ങയുടെ മറുപടി കേട്ടപ്പോൾ വളരെ പ്രതീക്ഷയുണ്ട്. പക്ഷേ എന്നത്തേക്ക് ആകും എന്ന് ഒരു പ്രീഡേറ്റ് പറയാൻ കഴിയുമോ? ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് ഇത് സംബന്ധിച്ച് കാര്യമായ ഒരു ഡെവലപ്മെന്റ് ഉണ്ടാക്കുമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകാൻ കഴിയുമോ?

ശ്രീ. വി. എം. സുധീരൻ: എന്റെ മറുപടി വളരെ വ്യക്തമാണ്. എത്രയും വേഗത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോ അത്രയും വേഗത്തിൽ തീരുമാനമെടുക്കും എന്നാണ് പറഞ്ഞത്. പിന്നെ പപ്പട. ചുട്ടെടുക്കുന്നതുപോലെ മെഡിക്കൽ കോളേജ് യൂണിവേഴ്സിറ്റിയുടെ കാര്യം പറയാൻ സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. സി. ഷൺമുഖദാസ്: മലബാർ യൂണിവേഴ്സിറ്റിയുടെ കാര്യം പോലെയാകുമോ?

[ശ്രീ. വി. എം. സുധീരൻ: അല്ല. ഇത് മെഡിക്കൽ കോളേജ് യൂണിവേഴ്സിറ്റിയാണ്, മറ്റു പല യൂണിവേഴ്സിറ്റികളും ഉണ്ട്. പക്ഷേ മെഡിക്കൽകോളേജ് യൂണിവേഴ്സിറ്റിയില്ല. ഇൻഡ്യയിൽത്തന്നെ രണ്ടോ മൂന്നോ മെഡിക്കൽ കോളേജുകളേയുള്ളു. ഇത് വളരെ [ശദ്ധയോടുകൂടി ചെയ്യേണ്ട കാര്യമാണ്, ഗവൺമെൻറ് ഒരു ഹോസ്പിറ്റിയായിട്ട് പോവുക അല്ല. അതുകൊണ്ടാണ് പറഞ്ഞത്, റിപ്പോർട്ട് വരട്ടെ, അത് കിട്ടി കഴിഞ്ഞാൽ എത്രയുംവേഗം ഇതുസംബന്ധിച്ച തീരുമാനം എടുക്കുന്നതാണ് എന്ന്. ഇക്കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണെന്ന വിവരം അങ്ങയേയും സഭയേയും അറിയിക്കുകയാണ്.

V. സബ്മിഷൻ

(1) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി തുടങ്ങിയ [പദേശങ്ങളിലെ വരൾച്ച

[ശ്രീ. ടി. ചാത്തു: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മുതലമട, എലവഞ്ചേരി, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിലെ നെൽ കൃഷി പൂർണ്ണമായും ഉണങ്ങിക്കഴിഞ്ഞിരിക്കുകയാണ്. പുതുനഗരം, കൊടുവായൂർ, പള്ളിച്ചാനം തുടങ്ങിയ പഞ്ചായത്തുകളിലും ഭാഗികമായി ഉണക്ക് ബാധിച്ചിട്ടുണ്ട്. ഇതുപോലെ വരൾച്ചയുള്ള [പദേശങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകില്ല. പന്ത്രണ്ട് വർഷക്കാലമായി ഇവിടത്തെ കർഷകരും തൊഴിലാളികളും പാവപ്പെട്ടവരുമായ വളരെയധികം ജനങ്ങൾ വരൾച്ചമൂലം [പയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പേരിൽ ഇപ്പോൾ നികുതിപിരിവ്, ബാങ്ക് ലോൺ, റിക്കവറി എന്നീ നടപടികളെല്ലാം വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നത് നികുതിപിരിവും ബാങ്ക്ലോൺ റിക്കവറിയും താൽക്കാലികമായി നിറുത്തിവയ്ക്കണമെന്നാണ്. ഇവിടത്തെ കൃഷിക്കാർക്ക് വിത്തും വളവും സൗജന്യമായി കൊടുക്കണം; കൂടുതൽ വികസന [പവർത്തനങ്ങൾ അവിടെ നടത്തണം. തൊഴിലില്ലാത്തതുകൊണ്ട് ആയിരക്കണക്കിന് കർഷകരും തൊഴിലാളികളും ഇന്ന് നാടുവിട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് തൊഴിൽ കിട്ടാനുതകത്തക്കവിധത്തിലുള്ള വികസന [പവർത്തനങ്ങൾ നടത്തി തൊഴിൽ കൊടുത്ത് സഹായിക്കണം. ഇ[പാവശ്യം വിത്തും വളവും ഇവർക്ക് സൗജന്യമായി കൊടുക്കുകയും നികുതി പിരിവും ബാങ്ക് ലോൺ റിക്കവറിയും നിറുത്തിവയ്ക്കുകയും ചെയ്യണം. ഇത് വളരെ [പധാനപ്പെട്ട കാര്യങ്ങളാണ്. അവിടെ കുടിവെള്ളം കിട്ടുന്നില്ല, അവിടത്തെ ജനങ്ങളാകെ പട്ടിണിയിലാണ്. അനവധി [പാവശ്യം ഗവൺമെൻറിനും ബന്ധപ്പെട്ട മന്ത്രിക്കും ഇതു സംബന്ധിച്ച് ഞാൻ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പന്ത്രണ്ട് കൊല്ലക്കാലമായി വരൾച്ചയിൽ കിടക്കുന്ന ഒരു [പദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. ഇതിനനുകൂലമായ നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly